പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T4652

27.06.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വിദ്യാഭ്യാസ വായ്പ - സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശം

**ചോദ്യം**

ശ്രീ. വി. ശശി

**ഉത്തരം**

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) 2004-09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ എത്രയെന്ന് എ.പി.എൽ, ബി.പി.എൽ തിരിച്ച് ലഭ്യമാക്കുമോ;

(എ) 2004-09 കാലഘട്ടത്തിൽ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകാനുള്ള ബജറ്റ് നിർദ്ദേശമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ എ.പി.എൽ. വിഭാഗത്തിൽ 4678-ഉം, ബി.പി.എൽ. വിഭാഗത്തിൽ 1472-ഉം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പലിശ സബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

(ബി) പലിശ സബ്സിഡി നൽകാൻ 2013-14 വർഷത്തിലെ ബജറ്റ് നിർദ്ദേശം അനുസരിച്ച് ടോക്കൺ പ്രൊവിഷനായി 1000 രൂപയാണ് വകയിരുത്തിയത്. എന്നാൽ, അഡീഷണൽ ഓതറൈസേഷൻ വഴി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡിയായി 36,43,75,000/- രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ